File No.SJD/4077/2021-G4

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: M ANJANA I.A.S )

ഉത്തരവ് നം. SJD/4077/2021-G4

തിരുവനന്തപുരം,
തീയതി. 21/10/2021

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - MWPSC ACT-2007 ഫലപ്രദമായ നടത്തിപ്പ്- ചട്ടപ്രകാരം രൂപീകൃതമായ കൺസീലിയേഷൻ ഓഫീസർമാർക്ക് ഹോണറേറിയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. GO(P) 38/2009/SWD തീയതി. 28-08-2009.
2. GO(P) 32/2009/SWD തീയതി. 17-08-2009.
3. സ.ഉ (സാധാ) നം. 153/2018/സാ.നീ.വ തീയതി. 21-03-18.
4. GO(Rt) 342/2021/SJD തീയതി . 24/05/21.
5. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സമർപ്പിച്ച അപേക്ഷകൾ.

മുതിർന്ന പൗരന്മാരുടെയും മാതാപിതാകളുടെയും ക്ഷേമത്തിനും പരിരക്ഷയ്ക്കുമുള്ള കേന്ദ്ര നിയമം 2007 ലെ 32 -ആം വകുപ്പിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളുടെയും , കേന്ദ്ര നിയമം 7-ാം വകുപ്പിന്റെ അടിസ്ഥാനത്തിലും പരാമർശം (2) പ്രകാരം സംസ്ഥാനത്തെ 27 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ മെയിന്റനൻസ് ട്രൈബ്യൂണലുകളായി നിയമിച്ചുകൊണ്ടും ഉത്തരവായിരുന്നു. കേന്ദ്ര നിയമം 2007 ലെ 6-ാം വകുപ്പ് പ്രകാരം മെയിന്റനൻസ് ട്രൈബ്യൂണൽ മുമ്പാകെയുള്ള ഒരു അപേക്ഷയിന്മേൽ വാദം കേൾക്കുന്നതിന് മുൻപായി ട്രൈബ്യൂണലുകളിൽ സമർപ്പിക്കപ്പെട്ട അപേക്ഷ ഒരു അനുരഞ്ജന ഉദ്യോഗസ്ഥന് (കൺസീലിയേഷൻ ഓഫീസർ) കൈമാറുന്നതിനും ടിയാൻ തന്റെ കണ്ടെത്തലുകൾ ഒരു മാസത്തിനകം ട്രൈബ്യൂണലിനു സമർപ്പിക്കുന്നതിനും , ഇരു കക്ഷികൾക്കും സ്വീകാര്യമായ ഒത്തുതീർപ്പിൽ എത്തിച്ചേരുകയാണെങ്കിൽ ട്രൈബ്യൂണലിന് ആയത് പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഉത്തരവ് പുരപ്പെടുവിക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇപ്രകാരം കൺസീലിയേഷൻ ഓഫീസർ മുഖാന്തിരം തീർപ്പാക്കുന്ന ഓരോ കേസിനും എത്ര സിറ്റിംഗ് നടത്തിയാലും ഓഫീസർമാർക്ക് 1000/- രൂപ നിരക്കിൽ ഹോണറേറിയം അനുവദിക്കുന്നതിനും , ഇതിലേയ്ക്കായി ചെലവ് വരുന്ന തുക 2235-02-104-82- (P) സായംപ്രഭാ ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും പരാമർശം (3) പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഇനത്തിൽ 5,00,000/- രൂപ വിനിയോഗിക്കുന്നതിന് പരാമർശം (4) പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

കൺസീലിയേഷൻ പാനൽ മുഖാന്തിരം തീർപ്പായ കേസുകളുടെ വിശദാംശം

പരാമർശം (5) പ്രകാരം വിവിധ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഇത് പ്രകാരം വിവിധ ജില്ലകളിലായി ആകെ **336** കേസുകൾ കൺസീലിയേഷൻ പാനൽ മുഖാന്തിരം തീർപ്പായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പരാമർശം (3),(4) സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കൺസീലിയേഷൻ ഓഫീസർമാർക്ക് 1000/-രൂപ നിരക്കിൽ ഹോണറേറിയം അനുവദിക്കേണ്ടതുണ്ട്.

മേല് സാഹചര്യത്തിൽ കൺസീലിയേഷൻ പാനൽ മുഖാന്തിരം തീർപ്പായ 336 കേസുകൾക്ക് **1000/-**രൂപ നിരക്കിൽ ആകെ **3,36,000/- രൂപ (മൂന്നു ലക്ഷത്തി മുപ്പത്തി ആറായിരം രൂപ മാത്രം)** ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് താഴെ പറയും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജില്ല | തീർപ്പാക്കിയ കേസുകളുടെ എണ്ണം | അനുവദിക്കുന്ന തുക **(തീർപ്പാക്കിയ കേസുകളുടെ എണ്ണം X 1000)** |
|---|---|---|---|
| 1 | തിരുവനന്തപുരം | 7 | 7000 |
| 2 | ആലപ്പുഴ | 125 | 125000 |
| 3 | പത്തനംതിട്ട | 20 | 20000 |
| 4 | കോട്ടയം | 15 | 15000 |
| 5 | എറണാകുളം | 84 | 84000 |
| 6 | കോഴിക്കോട് | 1 | 1000 |
| 7 | വയനാട് | 46 | 46000 |
| 8 | കണ്ണൂർ | 38 | 38000 |
| | | ആകെ 336 | 3,36,000/- |

ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ തുക മാറി ബന്ധപ്പെട്ട കൺസീലിയേഷൻ ഓഫീസർമാരുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതും , ധനവിനിയോഗ സാക്ഷ്യപത്രം യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഇതിനാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ 2235-02-104-82- (P)

**File No.SJD/4077/2021-G4**

സായംപ്രഭാ ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നല്കുന്നു.

**M. ANJANA IAS**
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക്

<u>പകർപ്പ് :</u>

1. സൂപ്രണ്ട് എ സെക്ഷൻ (തുക അനുവദിയ്ക്കുന്നതിന്)
2. ഫിനാൻസ് ഓഫീസർ.
3. സൂപ്രണ്ട് , പ്ലാനിംഗ് സെൽ.
4. സ്റ്റോക്ക് ഫയൽ /സ്പെയർ.

അംഗീകാരത്തോടെ

സൂപ്രണ്ട്